**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2661** **06-10-2025 - ൽ മറുപടിയ്ക്ക്**

**കൊച്ചിയിൽ നടന്ന ആഗോള വ്യവസായ നിക്ഷേപക ഉച്ചകോടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചിയിൽ നടന്ന ആഗോള വ്യവസായ നിക്ഷേപക ഉച്ചകോടി കേരളത്തിന്റെ വ്യവസായ മുന്നേറ്റത്തിൽ നാഴികക്കല്ലായി മാറിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | അന്താരാഷ്ട്ര തലത്തിൽ മാറിവരുന്ന കേരളത്തിലെ വ്യവസായ സൗഹാർദ്ദ അന്തരീക്ഷത്തെപ്പറ്റിയുള്ള വീക്ഷണവും അഭിപ്രായങ്ങളും ലോകത്തെ അറിയിക്കുവാനും അതുവഴി കേരളത്തിലേയ്ക്ക് നിക്ഷേപങ്ങൾ ആകർഷിക്കുവാനുമായി കെ.എസ്.ഐ.ഡി.സിയുടെ നേതൃത്വത്തിൽ ആഗോള നിക്ഷേപ സംഗമം 2025 ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചിയിൽ വെച്ച് വിജയകരമായി നടത്തുകയുണ്ടായി.<br><br>ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് വഴി ലഭിച്ച എല്ലാ താൽപര്യപത്രങ്ങളും സർക്കാർ വിലയിരുത്തുകയും ഇവ നിക്ഷേപങ്ങളാക്കി മാറ്റുന്നതിനുള്ള വിപുലമായ ഒരു റോഡ്മാപ്പ് ആരംഭഘട്ടത്തിൽ രൂപീകരിക്കുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ, ഉടൻ ആരംഭിക്കാൻ സാധിക്കുന്നത്, നിശ്ചിത സമയത്തിനുള്ളിൽ ആരംഭിക്കാൻ സാധിക്കുന്നത് എന്നിങ്ങനെ താൽപര്യപത്രങ്ങളെ തരം തിരിച്ചിട്ടുണ്ട്.<br><br>നിലവിൽ 100 കോടി വരെ മൂല്യമുള്ള നിക്ഷേപ താൽപര്യ പത്രങ്ങളാണ് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലൂടെ മോണിറ്റർ ചെയ്തു വരുന്നത്. 100 കോടിയും അതിനു മുകളിലും വരുന്ന നിക്ഷേപ താൽപര്യ പത്രങ്ങളുടെ നോഡൽ ഏജൻസിയായി കെഎസ്ഐഡിസിയാണ് പ്രവർത്തിക്കുന്നത്. വ്യവസായ പാർക്കുകളിലും മറ്റുമുള്ള നിക്ഷേപങ്ങൾ കിൻഫ്രയുടെ നേതൃത്വത്തിലും മോണിറ്റർ ചെയ്തുവരുന്നു.<br><br>ഇത്തരത്തിൽ വിവിധ ഏജൻസികളിലൂടെ നിക്ഷേപ താല്പര്യ പത്രങ്ങളിൽ നടത്തുന്ന ഫോളോ അപ്പുകൾ കൂടുതൽ കാര്യക്ഷമവും, സുതാര്യവും ആക്കുന്നതിനായി ഒരു ഓൺലൈൻ സംവിധാനത്തിനും രൂപം നൽകിയിട്ടുണ്ട്. നിക്ഷേപ താൽപര്യ പത്രങ്ങളെ |

അവയുടെ സവിശേഷതകളുടെ അടിസ്ഥാനത്തിൽ തരംതിരിക്കാനും അതിലൂടെ ഓരോന്നിനും ആവശ്യമായ പരിഗണന ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താനും ഈ സംവിധാനത്തിലൂടെ സാധിക്കുന്നു. ഓരോ നിക്ഷേപ താൽപര്യ പത്രവുമായി ബന്ധപ്പെട്ട്, നോഡൽ ഓഫീസർമാർ നടത്തുന്ന പ്രവർത്തനങ്ങൾ യഥാസമയം രേഖപ്പെടുത്തുന്നതിനും, വിവിധ അനുമതികൾക്കായി നിക്ഷേപകർ അതാതു വകുപ്പുകളിൽ നൽകുന്ന അപേക്ഷകളും, അവർ നേരിടുന്ന പ്രശ്നങ്ങളും കൃത്യമായി രേഖപ്പെടുത്തി അവലോകനം ചെയ്യുന്നതിനുമുള്ള മൊഡ്യൂളുകൾ പ്രസ്തുത ഓൺലൈൻ സംവിധാനത്തിലുണ്ട്.

കൂടാതെ, താൽപര്യപത്രങ്ങളെ സംരംഭങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഘടനാപരമായ നിരീക്ഷണം ഏറ്റെടുക്കുന്നതിനും, സുഗമമായ പദ്ധതി നിർവ്വഹണത്തിനാവശ്യമായ
സൗകര്യമൊരുക്കുന്നതിനും, വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തെ ക്രോഡീകരിക്കുന്നതിനും വേണ്ടി, സർക്കാർ 30-04-2025 ലെ G.O.(Rt) നമ്പർ 459/2025/ID പ്രകാരം ഒരു ഉപദേശക സമിതിക്ക് രൂപം നല്കിയിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി മാനേജിങ് ഡയറക്ടർ കൺവീനറായുള്ള ഈ സമിതിയിൽ, ബഹു. വ്യവസായ വകുപ്പ് മന്ത്രി ചെയർമാനും പ്രിൻസിപ്പൽ സെക്രട്ടറി (വ്യവസായ വകുപ്പ്) വൈസ് ചെയർമാനും, വ്യവസായ വാണിജ്യ ഡയറക്ടർ, മാനേജിങ് ഡയറക്ടർ കിൻഫ്ര, വിവിധ വ്യവസായ സംഘടനകളുടെ പ്രതിനിധികൾ, ബോർഡ് പ്രതിനിധികൾ എന്നിവർ അംഗങ്ങളുമാണ്.

കൂടാതെ നിക്ഷേപ സംഗമത്തിനോട് അനുബന്ധമായി, പദ്ധതി നിർവ്വഹണം വേഗത്തിലാക്കാനും കൂടുതൽ സൗകര്യപ്രദമായ നിക്ഷേപ അന്തരീക്ഷം സൃഷ്ടിക്കാനുമായി വിവിധ വകുപ്പുകളിലായി ആവശ്യമായ 31 നയ പരിഷ്കാരങ്ങളുടെ സമഗ്രമായ ഒരു ഡോസിയർ തയ്യാറാക്കുകയും, ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 19.06.2025-ൽ ചേർന്ന ഉന്നതതല യോഗത്തിൽ അവ പരിഗണിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ വ്യവസായ വകുപ്പ് മുന്നോട്ട് വെച്ച 22 നയപരിഷ്കാരങ്ങൾ അംഗീകരിക്കുകയും, ആറെണ്ണം കൂടുതൽ ചർച്ചയ്ക്കായി മാറ്റിവയ്ക്കുകയും ചെയ്തിട്ടുണ്ട്.

ഇത്തരത്തിലുള്ള കൂട്ടായ ശ്രമത്തിന്റെ ഫലമായി ഇതുവരെ 98 നിക്ഷേപ താൽപര്യ പത്രങ്ങളെ നിക്ഷേപമാക്കി പരിവർത്തനം ചെയ്യാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ഇവ നിലവിൽ നിർമ്മാണ

| | | | |
|---|---|---|---|
| | | | പ്രവർത്തനത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിലാണ്. ഇതിലൂടെ 34,754.750 കോടിയുടെ നിക്ഷേപവും, 49,082 തൊഴിലവസരങ്ങളും സംസ്ഥാനത്ത് സൃഷ്ടിക്കപ്പെടുന്നതാണ്.<br><br>ഈ നിക്ഷേപ സംഗമം വഴി നാളിതുവരെ 1.80 ലക്ഷം കോടി രൂപയുടെ 449 -ഓളം ധാരണ പത്രങ്ങൾ ലഭിക്കുകയും ഇവയുടെ വികസനം നിലവിൽ വിവിധ ഘട്ടങ്ങളിലായി ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ഡിവിഷന്റെ മേൽനോട്ടത്തിൽ പുരോഗമിച്ചു വരുകയും ചെയ്യുന്നു. |
| (ബി) | ഇൻവെസ്റ്റ് കേരള ആഗോളനിക്ഷേപക സംഗമത്തിലെ തീരുമാനങ്ങളും ധാരണകളും സമയബന്ധിതമായി നടപ്പിലാക്കുവാൻ വ്യക്തമായ ഘടനയുള്ള സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | മേൽ (എ) പിരിവിനുള്ള മറുപടി കണ്ടാലും. |

സെക്ഷൻ ഓഫീസർ